## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 468

27.09.2016 - ൽ മറുപടിക്ക്

# ഓണവിപണി വില നിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡി.കെ.മുരളി | | ശ്രീ. എ.സി.മൊയ്തീൻ (സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി) | |
| (എ) | ഓണവിപണി വിലനിലവാരം പിടിച്ചു നിർത്താൻ സഹകരണവകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദവിവരങ്ങൾ നൽകുമോ? | (എ) | ഓണ വിപണി വിലനിലവാരം പിടിച്ചു നിർത്താൻ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ സഹകരണ വകുപ്പ്, സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ 2016 സെപ്റ്റംബർ 4 മുതൽ 13 വരെ (അത്തം മുതൽ ഉത്രാടം വരെ) പത്ത് ദിവസങ്ങളിൽ സംസ്ഥാനത്തൊട്ടാകെ 2012 ഓണം വിപണികൾ നടത്തി. പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളെയാണ് ഓണ വിപണി നടത്തിപ്പിനായി മുഖ്യമായി ചുമതലപ്പെടുത്തിയിരുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ നടന്ന 1785 ഓണചന്തകളിലും 208 ത്രിവേണി സൂപ്പർ മാർക്കറ്റുകളിലും 19 സഞ്ചരിക്കുന്ന ത്രിവേണി വിൽപ്പന ശാലകളിലും, സബ്സിഡി സാധനങ്ങൾ ലഭ്യമാക്കി ഓണച്ചന്തകൾക്കാവശ്യമായ 39 ഇനം സാധനങ്ങളാണ് ഓണ വിപണികളിൽ ഇക്കാലയളവിൽ ഇതിൽ വിൽപ്പനയ്ക്കായി സജ്ജമാക്കിയിരുന്നത്. 13 ഇനങ്ങൾ സർക്കാർ നിശ്ചയിച്ച നിരക്കിൽ സബ്സിഡിയോടുകൂടിയാണ് ലഭ്യമാക്കിയത്. ഇത് കൂടാതെ സബ്സിഡിയില്ലാതെ 26 ഇനങ്ങൾ മാർക്കറ്റ് വിലയേക്കാൾ ഗണ്യമായ വിലക്കുറവിലാണ് പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഓണച്ചന്തകളിലൂടെ ലഭ്യമാക്കിയിട്ടുള്ളത്. ഗുണമേന്മയെക്കുറിച്ച് യാതൊരു വിധ പരാതിയും ഇടനൽകാതെ 15 ലക്ഷം ഉപഭോക്താക്കൾക്ക് 12061 ടൺ 13 ഇനം സബ്സിഡി ഇനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞു. ഇത് കൂടാതെ 26 ഇനം നോൺ സബ്സിഡി സാധനങ്ങൾ 15 ലക്ഷത്തോളം ജനങ്ങൾക്ക് 20 മുതൽ 70 ശതമാനം വരെ വിലക്കുറവിൽ എത്തിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഓണം വിപണികളിലൂടെ 52.69 |

കോടി രൂപയുടെ സബ്സിഡി വിൽപ്പനയും 10.37 കോടി രൂപയുടെ നോൺ സബ്സിഡി വിൽപ്പനയും ഉൾപ്പെടെ 63.06 കോടി രൂപയുടെ വിൽപ്പന കൈവരിച്ചു. ഇതിലൂടെ പൊതുജനങ്ങൾക്ക് ഏകദേശം 12 കോടി രൂപയുടെ വിലക്കുറവിന്റെ ആനുകൂല്യം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 22 ലക്ഷം പേർ കൺസ്യൂമർഫെഡ് വിൽപ്പനശാലകളിൽ നിന്ന് സാധനങ്ങൾ വാങ്ങി. ഇതിൽ പത്ത് ലക്ഷം പേർക്ക് സബ്സിഡി സാധനങ്ങൾ നൽകി.

സെക്ഷൻ ഓഫീസർ